(എ) കേന്ദ്ര ഗവൺമെന്റിൽനിന്നും ഔദ്യോഗിക അറിയിപ്പ് ഇതേ വരെ ലഭിച്ചിട്ടില്ല.

(ബി) പത്ര മാധ്യമങ്ങളിലൂടെയും മറ്റും അറിഞ്ഞതനുസരിച്ച് നിലവിലുള്ള റേഷൻ സമ്പ്രദായംതന്നെ തുടരണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന ഭക്ഷ്യമന്ത്രി നിവേദനം നൽകിയിട്ടുണ്ട്. കൂടാതെ കേരളത്തിൽ നിന്നുള്ള പാർലമെന്റംഗങ്ങളെയും ഇക്കാര്യം അറിയിച്ചിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യവകുപ്പ് സെക്രട്ടറിയുമായും സംസ്ഥാന ഭക്ഷ്യമന്ത്രി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്.

(സി) നിലവിലുള്ള റേഷൻ സമ്പ്രദായം തുടരണമെന്നതാണ് കേരള സർക്കാരിന്റെ ആവശ്യം. സംസ്ഥാനത്തിന്റെ താല്പര്യത്തിന് വിപരീതമായ തീരുമാനം ഉണ്ടാകാതിരിക്കുന്നതിന് വേണ്ട നടപടികളെടുത്തുവരികയാണ്.

ലെവി പഞ്ചസാര നിർത്തലാക്കുന്ന നടപടി

24 (*24) ഡോ. കെ.സി. ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി.സി. ജോർജ് :
ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലെവി പഞ്ചസാര നിർത്തലാക്കുവാൻ കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് കേന്ദ്രം സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(സി) സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിർത്താലാക്കുവാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിനെതിരെ, സംസ്ഥാന സർക്കാർ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ലെവി പഞ്ചസാര നിറുത്തലാക്കുകയാണെങ്കിൽ സംസ്ഥാനത്തിനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(എഫ്) എഫ്.സി.ഐ. ഗോഡൗണുകൾ സംസ്ഥാനങ്ങൾക്ക് വിട്ടു കൊടുക്കുവാനുള്ള നീക്കത്തെപ്പറ്റി മറ്റു സംസ്ഥാന സർക്കാരുകളുമായി ചർച്ച നടത്തുവാൻ ഉദ്ദേശമുണ്ടോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ)&(ബി)മഹാജൻ കമ്മിറ്റി ലെവി പഞ്ചസാര നിർത്തലാക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ഇതിൻമേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിർത്തലാക്കിയാൽ ഉണ്ടാകുന്ന ദോഷവശങ്ങളെക്കുറിച്ച് കേന്ദ്രത്തെ ധരിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) &(ഇ) ഉണ്ട്. ലെവി പഞ്ചാരയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതുകൊണ്ട് ലഭ്യത കുറയുവാനും പൊതു വിപണിയിൽ വില വർദ്ധിക്കുവാനും സാദ്ധ്യതയുണ്ട്.

(എഫ്) എഫ്.സി.ഐ. ഗോഡൗണുകൾ സംസ്ഥാനങ്ങൾക്ക് വിട്ടുകൊടുക്കുന്നതിനെപ്പറ്റി ഔദ്യോഗികമായ വിവരമൊന്നും ലഭിച്ചിട്ടില്ല. അന്യ സംസ്ഥാനങ്ങളുമായി ഈ കാര്യത്തിൽ ചർച്ച നടത്തുന്ന പ്രശ്നം ഇപ്പോൾ ഉദിക്കുന്നില്ല.

ഗുണനിലവാരമില്ലാത്ത ഔഷധങ്ങൾ

25 (*25)ശ്രീ. സത്യൻ മൊകേരി :

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :

ശ്രീ. പി. നാരായണൻ :

ശ്രീ. ജോസ് ബേബി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്ത ഔഷധങ്ങൾ വിൽക്കുന്നത് കണ്ടുപിടിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ഔഷധങ്ങൾ വിറ്റഴിക്കപ്പെട്ട എത്ര കേസ്സുകൾ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ കണ്ടുപിടിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഗുണനിലവാരമില്ലാത്ത എത്രയിനം ഔഷധങ്ങൾ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ ശേഖരിക്കുന്ന സാമ്പിളുകൾ തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. നിലവാരമില്ലാത്തതായി കണ്ടെത്തുന്ന മരുന്നുകളുടെ വിൽപന തടയുന്നുണ്ട്.

(ബി) 519

(സി) 1996-97 : 140

1997-98 : 135

1998-99 : 244

ഒറീസ്സയിലെ ചുഴലിക്കാറ്റുമൂലം ദുരിതമനുഭവിക്കുന്നവർക്ക് സർക്കാർ നൽകിയ സഹായം

26 (*26)ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly